കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-8/172/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994-256690.

തിയ്യതി :22/02/2019

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

*പ്രസിഡന്റ്,*

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്. (സെക്രട്ടറി മുഖേന).

സർ,

വിഷയം : കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ- കെ.എസ്.ഡി-8/172/2019, തിയ്യതി: 22/02/2019

# കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജാരാമ.സി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-02-2019 മുതൽ 20-02-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | തസ്തിക |
|---|---|
| കിരൺദാസ്.പി. | ഓഡിറ്റ് ഓഫീസർ. |
| രഘുനാഥൻ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാബു.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| കുഞ്ഞികൃഷ്ണൻ.കെ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗൗരി.എം. | 01-04-2017മുതൽ31-03-2018വരെ |
| സെക്രട്ടറി | ശ്രീ. ജോയ്റോഡ്സ്.എസ്. | 01-04-2017 മുതൽ31-03-2017വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ.</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ജോയ്റോഡ്സ്.എസ്. | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | പി.കെ.കമലാക്ഷൻ | 01-04-2017 | 31-03-2018 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | സജിനിമോൾ.കെ. | 01.04.2017 | 02.05.2017 |
| | ആർജ്ജിത,പി.വി.<br>( അധികച്ചുമതല) | 03.05.2017 | 16.07.2017 |
| | അനിൽ വർഗ്ഗീസ് | 17.107.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ | ഡോ. രാജ് മോഹൻ,ടി.എ. | 01.04.2017 | 31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | വി.പവിത്രൻ | 01.04.2017 | 12.01.2018 |
| | കെ.ദയാനന്ദ,<br>(ഇൻചാർജ്ജ്) | 13.01.2018 | 26.01.2018 |
| | പി.മിനി | 27.01.2018 | 31.03.2018 |
| സി.ഡി.പി.ഒ, കാഞ്ഞങ്ങാട് | സുമ, ടി.എസ്. | 01.04.2017 | 30.08.2017 |
| | മണി, ഒ.എൻ. | 31.08.2017 | 31.03.2018 |
| സി.ഡി.പി.ഒ, കാഞ്ഞങ്ങാട്<br>ഉദുമ അഡീഷണൽ | രേഖ,എം.ജി. | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| ക്ഷീര വികസന ഓഫീസർ | അനിൽകുമാർ, പി.എൻ. | 01.04.2017 | 28.08.2017 |
| | ബിന്ദു.ഒ.ബി. | 29.08.2017 | 31-03-2018 |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തീക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം –2 | |
| 11 | കെട്ടിടവാടക പൊതു അപാകതകൾ | 2-1 |
| | ഭാഗം- 3 | |
| 12 | ബ്ലോക്ക് പഞ്ചായത്ത് ഓഫിസ്, സി.എച്ച്.സി.പെരിയ എന്നിവിടങ്ങളിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തൽ - അപാകത | 3-1 |

| | | |
|---|---|---|
| 13 | മാലിന്യ സംസ്കരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം-അപാകത | 3-2 |
| 14 | ബ്ലോക്ക് പഞ്ചായത്തിന് ത്രീ-ഫേസ് വൈദ്യുതി ബന്ധം പദ്ധതി | 3-3 |
| 15 | അമ്പലത്തറ വനിതാ ഖാദി യൂണിറ്റ് -വിശ്രമകേന്ദ്രവും ശൗച്യാലയവും നിർമ്മാണം | 3-4 |
| 16 | കേരളോത്സവം-ചെലവുകൾ - അപാകത | 3-5 |
| 17 | മടിക്കൈ വയൽ പാടശേഖരത്തിന് ട്രാക്ടർ വാങ്ങി നൽകൽ -അപാകതകൾ | 3-6 |
| 18 | കേട്ടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റൽ-അപാകതകൾ | 3-7 |
| 19 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് നല്കിയത് ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല. | 3-8 |
| 20 | അങ്കണവാടികളിലെ കുമാരി ക്ലബ്ബുകൾക്ക് പുസ്തകം, ഫർണ്ണിച്ചർ വിതരണം | 3-9 |
| 21 | സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വാങ്ങൽ പദ്ധതി- അപാകതകൾ. | 3-10 |
| 22 | വയോജന സൗഹൃദ ലൈബ്രറി ഒരുക്കൽ പദ്ധതി - അപാകതകൾ | 3-11 |
| 23 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതി-ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-12 |
| 24 | പാലിയേറ്റീവ് വിഹിതം നൽകൽ- ചെലവ് രേഖകൾ ഹാജരാക്കിട്ടില്ല | 3-13 |
| 25 | മെഡിക്കൽ ഓഫീസർ, മരുന്ന് വാങ്ങുന്നതിന് മുൻകൂറ് നൽകിയിട്ടും മരുന്ന് ലഭിച്ചിട്ടല്ല. | 3-14 |

| | | |
|---|---|---|
| | | |
| 26 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-15 |
| 27 | ബ്ലോക്ക് പഞ്ചായത്ത് വാഹനം - ഡ്രൈവരുടെ-മസ്റ്റർ റോൾ/ഹാജർ വിവരം സൂക്ഷിക്കുന്നില്ല. | 3-16 |
| 28 | ബ്ലോക്ക് പഞ്ചായത്ത് വാഹനം - അറ്റകുറ്റപ്പണി നടത്തിയത്-അപാകത | 3-17 |
| | ഭാഗം 4 | |
| 30 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധം

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.

3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തിയ്യതി | നം. 1, തിയ്യതി 29.03.2017 | നം. 1 തിയ്യതി 31.03.2018 |
| മുന്നിരിപ്പ് | 97,95,963 | 80,69,160 |
| വരവ് | 35,76,68,627 | 22,70,78,650 |
| ആകെ | 36,74,64,590 | 23,51,47,810 |
| ചെലവ് | 35,80,19,254 | 23,02,24,372 |
| നീക്കിയിരിപ്പ് | 94,45,336 | 49,23,438 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-07-2018 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

അപാകതകൾ

1.)ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 1,03,944/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
2.)ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 4,70,87,615/- ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3.)വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് എസ്.സി.പി. വരവ് 73,56,000/- രൂപയാണ്, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 65,46,000/-

രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

4.)വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 35,85,469/-/- രൂപയാണ്, എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 35,81,820/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.

5.)വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് & പേമെന്റ് പത്രിക എന്നിവ പ്രകാരം ബിൽഡിംഗ് റെന്റ് , ഓഡിറ്റോറിയം & ഹാൾ, ടെണ്ടർ ഫോറം വില്പന എന്നീ ഇനങ്ങളിലെ വരവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| ടെണ്ടർ ഫോറം വില്പന | 8,600 | 8,600 |
| ബിൽഡിംഗ് റെന്റ് | 1,70,300 | 1,62,300(കറന്റ്)<br>20,500(അരിയർ) |
| ഓഡിറ്റോറിയം & ഹാൾ | 5,900 | 5,900 |

ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ പൂർത്തീകരിച്ച് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

6.)വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-40(b)ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പിൽ ചില അക്കൗണ്ടുകളുടെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകയും ബാങ്ക് പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല/റീക്കൺസിലേഷൻ നടത്തിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a)ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.540250110 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 11,10,351/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 12,40,821/- രൂപയാണ്. വ്യത്യാസം 13,04,70/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുകയിൽ രണ്ട് ചെക്കുകൾ നൽകിയത് 15-11-2017 ലും(ചെക്ക് നം.1923348/15-11-2017-9,072/- രൂപ), 18-12-2017 ലും (ചെക്ക് നം.1923383/18-12-2017 -3,000/- രൂപ) ആണ്. ഈ തുകയുടെ ചെക്കുകൾ നാളിതുവരെ ക്യാഷ് ചെയ്തിട്ടില്ല, ഈ ചെക്കുകളുടെ കാലാവധി നിലവിൽ അവസാനിച്ചിരിക്കയാണ്.

- b)കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം.6347പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 15,381/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം, നീക്കിയിരിപ്പ് തുക 15,981/- രൂപയാണ്. വ്യത്യാസം 600/- രൂപയുടെ റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ഈ തുകയുടെ ചെക്ക് നൽകിയത് 03-11-2017 നാണ്( ചെക്ക് നം.001115/03-11-2017 –600/-രൂപ),ഈ തുകയുടെ ചെക്ക് നാളിതുവരെ ക്യാഷ് ചെയ്തിട്ടില്ല, ഈ ചെക്കിന്റെ കാലാവധി നിലവിൽ അവസാനിച്ചിരിക്കയാണ്.
- c)എസ്.ബി.ഐ (IAY-Plan) ബാങ്ക് അക്കൗണ്ട് നം.5364 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുക 88,80,882/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം, നീക്കിയിരിപ്പ് തുക 89,71,720.01/- രൂപയാണ്. ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 88,94,955/- രൂപയാണ്. ബാങ്ക് ബുക്ക്, വാർഷിക ധനകാര്യ പത്രിക എന്നിവ

പ്രകാരമുള്ള വ്യത്യാസത്തിന് റീക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ ബാങ്ക് ബുക്ക് പ്രകാരമുള്ള നിക്കിയിരിപ്പ് ഉകയും പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ഉകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നതിനാൽ റീക്കൺസിലേഷൻ ചെയ്തത് ക്രമപ്രകാരമല്ല.

- d)എസ്.ബി.ഐ. കാഞ്ഞങ്ങാട് ബാങ്ക് അക്കൗണ്ട് നം.67282757153 പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് ഉക 58,654/- രൂപയാണ്. എന്നാൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം, നീക്കിയിരിപ്പ് ഉക 44,031/- രൂപയാണ്. റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

## 1-4 സാമ്പത്തീക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,65,22,620 |
| വരവ് | 6,06,72,592 |
| ആകെ | 9,71,95,212 |
| ചെലവ് | 7,83,40,756 |
| നീക്കിയിരിപ്പ് | 1,88,54,456 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 3,48,68,261 | 3,48,68,261 | 2,97,59,105 | 51,09,156 |
| വികസന ഫണ്ട് (എസ്.സി.പി.) ACR പ്രകാരം | 0 | 65,46,000 | 65,46,000 | 65,46,000 | 0 |
| വികസന ഫണ്ട് ടി.എസ്.പി. ACR പ്രകാരം | 0 | 1,00,000 | 1,00,000 | 1,00,000 | 0 |
| സംരക്ഷണ ഗ്രാൻറ് (നോൺ റോഡ്. ACR പ്രകാരം | 0 | 44,43,387 | 44,43,387 | 26,42,312 | 18,01,075 |

(*വികസന ഫണ്ട് (പൊതുവിഭാഗം), വികസന ഫണ്ട് (എസ്.സി.പി.),വികസന ഫണ്ട് (ടി.എസ്.പി) സംരക്ഷണ ഗ്രാൻറ് (നോൺ റോഡ്.) എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് ഉകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ ഉക

കണക്കാക്കുന്നതിന് വേണ്ടിയാണ് മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ കണക്കുകൾ പ്രകാരം നീക്കിയിരിപ്പായി കാണിച്ച 69,09,844/-രൂപ (51,09,156 + 18,00,688= 69,09,844) ഇതുപ്രകാരം ലാപ്സായിട്ടുണ്ട്.)

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | 12,217.94 | 23,66,559 | 23,78,776.94 | 23,75,893.35 | 2,883.59 |
| തനത് ഫണ്ട് | 91,65,166 | 35,82,000 | 1,27,47,166 | 1,16,36,815 | 11,10,351 |

## 1-6 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 2017-18 | 81 | 61 | 3,93,77,253 | 0 | 20 | 75.30% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 2,65,92,091 | 22 | 1,47,95,547 | 55.63% |
| 2 | അസി. എഞ്ചിനിയർ | 25 | 1,62,33,483 | 10 | 70,44,269 | 43.39% |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 17 | 1,22,18,563 | 13 | 56,46,138 | 46.20% |
| 4 | അസി.ഡയറക്ടർ,കൃഷി | 5 | 66,81,021 | 5 | 60,49,110 | 90.54% |
| 5 | ക്ഷീര വികസന | 2 | 20,50,000 | 2 | 20,50,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 6 | മെഡിക്കൽഓഫീസർ, സി.എച്ച്.സി.പെരിയ | 3 | 16,50,000 | 3 | 16,50,000 | 100% |
| 7 | ശിശു വികസന പദ്ധതി ഓഫീസർ | 4 | 18,91,450 | 4 | 18,91,450 | 100% |
| 8 | പട്ടികജാതി വികസന ഓഫീസർ | 2 | 2,50,739 | 2 | 2,50,739 | 100% |
| | ആകെ | 81 | 6,75,67,347 | 61 | 3,93,77,253 | 58.27% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12,217.94 | 23,66,559 | 23,78,776.94 | 23,75,893.35 | 2,883.59 |
| ഗുണഭോക്താക്കൾ നേരിട്ട് നല്കുന്നത് | 0 | 0 | 0 | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-02-2019 തീയതിയിൽ 11.45 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7,560/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്.സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിൻെറ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്.

(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് വിശദവിവരങ്ങൾ സംബന്ധിച്ച് ഓഫീസ് ഉത്തരവ് തയ്യാറാക്കിട്ടില്ല. ഫയലുകളുടെ വിശദവിവരങ്ങളടങ്ങിയ പേഴ്സണൽ രജിസ്റ്റർകൾ മുഴുവൻ സെക്ഷനുകളും സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നോ ഫയലുകളിൽ കൃത്യമായി തീർപ്പു കൽപ്പിക്കുന്നുണ്ടോ എന്നോ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(2)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ:- ഓരോ ദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ. എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല.

(3) പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- . അവസാനമായി പരാതിപ്പെട്ടി തുറന്നത് 27.02.2018 നാണ്. നിശ്ചിത ഇടവേളകളിൽ പരാതിപ്പെട്ടി തുറക്കേണ്ടതും പരാതികൾ പരിശോധിക്കേണ്ടതുമാണ്. പരാതിപുസ്തകം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഈ വിവരം പൊതു ജനങ്ങൾക്ക് കാണുന്ന വിധത്തിൽ നോട്ടീസ് ബോർഡ് സ്ഥാപിച്ചിട്ടില്ല.

(4) ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് മീറ്റിങ്ങുകൾ ചേരുന്നില്ല. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

(5) ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – ബ്ലോക്ക്പഞ്ചായത്തിൻെറ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ കാലികമാക്കുന്നില്ല.. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(6) ആസ്തികളുടെ പരിപാലനം- ബ്ലോക്ക്പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്റർ കാലികമാക്കിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(7) മറ്റ് പ്രസക്തമായവ- ബ്ലോക്ക്പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| അക്കൗണ്ടൻറ് ജനറലിനല് ഓഡിറ്റ് | 22/10/2018 -03/11/2018 | 2013-14 മുതൽ 2017-18 | 24/12/2018 |
| പെർഫോർമൻസ് ഓഡിറ്റ് | 02.02.2019 - | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടവാടക പൊതു അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൻെറ കീഴിലുള്ള കെട്ടിട മുറികൾ പ്രതിമാസ വാടകയിനത്തിൽ നൽകുന്നുണ്ട്. മുറികൽ വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമാവലി തയ്യാറാക്കിട്ടില്ല. നിയമാവലിയുടെ അഭാവത്തിൽ വാടകയിലെ വാർഷിക വർദ്ധനവ് പിഴപ്പലിശ, മുറികൾക്ക് നാശനഷ്ടങ്ങൾ വരുത്തിയാൽവാടക സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വ്യവസ്ഥകളിൽ വ്യക്തതയില്ല. കരാർ ലംഘനത്തിന് വാടകക്കാരനെതിരെ കോടതി നടപടികൾ സ്വീകരിക്കേണ്ടി വന്നാൽ നിയമത്തിൻെറ പിൻബലം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായേക്കാം. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച്കൊണ്ടുള്ള കരട് നിയമാവലി തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കി നടപ്പലാക്കേണ്ടതാണ്. വാടക സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള 826-ാം (KMC-XIV)നമ്പർ മുറി, കരാർപ്രകാരം ശ്രീ.രാമചന്ദ്രൻ നായർ s/o. കുഞ്ഞമ്പു നായർ എന്നവർക്ക് 3,000രൂപ പ്രതിമാസ വാടക നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എല്ലാ മാസവും 10-ാം തിയ്യതിക്ക് മുമ്പായി ബ്ളോക്ക് പഞ്ചായത്തിൽ വാടക അടക്കേണ്ടതാണ്. എന്നാൽ 2017മെയ് മുതൽ 2017ഒക്ടോബർ വരെയുള്ള കാലയളവിൽ ടിയാനിൽ നിന്നും മുറി വാടക പിരിച്ചെടുത്തിട്ടില്ല. അതിനാൽ കരാർ ഉടമ്പടി പ്രകാരം കരാറുകാരനിൽ നിന്നും 18% പലിശ നിരക്കിൽ വാടക ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബ്ലോക്ക് പഞ്ചായത്ത് ഓഫിസ്, സി.എച്ച്.സി.പെരിയ എന്നിവിടങ്ങളിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തൽ പദ്ധതി-

**അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.94/18

അടങ്കൽ - 32,97,000/- രൂപ

ബിൽ നം.48/17-18/09.01.2018 – 16,48,500/-രൂപ

ബിൽ നം.78/17-18/23.03.2018 – 16,48,500/-രൂപ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും, ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന സി.എച്ച്.സി. പെരിയയിലും സൗരോർജ്ജ വൈദ്യുതിസംവിധാനം ഏർപ്പെടുത്താനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി മേൽവൗച്ചറുകൾ പ്രകാരം ആകെ 32,97,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ, തിരുവനന്തപുരമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഭരണസമിതി തീരുമാനം നം.01/24.08.2017 പ്രകാരം ഭരണാനുമതി നൽകിയ ഈ പദ്ധതിക്കായി കെൽട്രോൺ, തിരുവനന്തപുരം 24.08.2017 ന് പ്രൊപ്പോസൽ നം.MKTG/F1/SP-18-52/PEG(S)17-18/263 സമർപ്പിക്കുകയും ഭരണസമിതി തീരുമാനം നം.3(2)/26.09.2017 പ്രകാരം അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടത്തിപ്പിന് നം.PEG/SOLAR/P31/17-18/തിയതി.04.11.2017 പ്രകാരം 32,97,000/- രൂപയുടെ ഇൻവോയ്സ് സമർപ്പിക്കുകയും 50% തുകയായ 16,48,500/- രൂപ ഓൺലൈൻ ട്രാൻസ്ഫർ ആയി കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്(അക്കൗണ്ട് നം.10183255263, SBI).പ്രവർത്തി പൂർത്തീകരിച്ച് നം.PEG/SOLAR/P55/17-18 /തിയതി.06.03.2018 പ്രകാരം ഇൻവോയ്സ് സമർപ്പിക്കുകയും ബാക്കി തുക 16,48,500/- രൂപ ഓൺലൈൻ ട്രാൻസ്ഫർ ആയി കെൽട്രോണിന് നൽകുകയും ചെയ്തു. വിദ്യുച്ഛക്തി വകുപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 8KWഓൺഗ്രിഡ്, ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന സി.എച്ച്.സി. പെരിയയിൽ ആകെ 20KW വരുന്ന ഓഫ്ഗ്രിഡ് സംവിധാനമുള്ള സൗരോർജ്ജ വൈദ്യുതിസംവിധാനമാണ് സ്ഥാപിച്ചിട്ടുള്ളത്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1)സർക്കാർ ഉത്തരവ് നം.1384/2014/ത.സ്വ.ഭ.വ, തിയ്യതി 03.06.2014 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അംഗീകൃത സ്ഥാപനമായി കെൽട്രോണിനെ നിയമിച്ചും, അനർട്ട്, MNRE എന്നിവയുടെ സ്പെസിഫിക്കേഷൻ പാലിച്ച് പദ്ധതികൾ തയ്യാറാക്കണമെന്നും ഉത്തരവായിട്ടുണ്ട്. അനർട്ട്, MNRE എന്നിവയുടെ സ്പെസിഫിക്കേഷൻ പാലിച്ചതിന് ആധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസിൽ നിന്നും എനർജൈസേഷൻ അപ്രൂവൽ വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)വിദ്യുച്ഛക്തി വകുപ്പിന് ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനത്തിന് അനുമതിക്കുവേണ്ടി സമർപ്പിച്ച രേഖകൾ, അനുമതി ലഭിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)ഓൺഗ്രിഡ്/ഓഫ്ഗ്രിഡ് സംവിധാനം ഉണ്ടെങ്കിൽ ഉഭയദിശാമീറ്റർ, എനർജിമീറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

5)സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതിന് ശേഷം ബ്ലോക്ക് പഞ്ചായത്ത്, സി.എച്ച്.സി. പെരിയ എന്നിവിടങ്ങളിലെ വൈദ്യുതി ബില്ലിൽ തുക കുറവ് വന്നിട്ടുണ്ടോ, ഗ്രിഡ് സംവിധാനത്തിൽ കൃത്യമായി റീഡിംഗ് കണക്കാക്കി വൈദ്യുതി ബില്ലിൽ തുക കുറവ് ചെയ്യുന്നുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

6)അനർട്ടിൽ നിന്നും സൗരോർജ്ജ വൈദ്യുതി സംവിധാനം ഏർപ്പെടുത്തുന്നതിന് സബ്സിഡി ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി നം.15/16.02.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 32,97,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 മാലിന്യ സംസ്കരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.37/18

അടങ്കൽ - 10,00,000/- രൂപ

ബിൽ നം.13/17-18/23.08.2017 – 10,00,000/-രൂപ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന 4 ഗ്രാമപഞ്ചായത്തുകൾക്ക് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുന്നതിനാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി ബിൽ നം.13/17-18/23.08.2017 പ്രകാരം 10,00,000/-രൂപ പിൻവലിക്കുകയും താഴെപ്പറയു പ്രകാരം 4 ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുകയും ചെയ്തു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | തുക | 'TSB അക്കൗണ്ട് നം. |
|---|---|---|---|
| 1 | ഉദുമ ഗ്രാമപഞ്ചായത്ത് | 2,00,000/- | 799011400001175 |
| 2 | അജാനൂർ ഗ്രാമപഞ്ചായത്ത് | 2,00,000/- | 799011400001577 |
| 3 | പള്ളിക്കര ഗ്രാമപഞ്ചായത്ത് | 2,00,000/- | 799011400001307 |
| 4 | മടിക്കൈ ഗ്രാമപഞ്ചായത്ത് | 4,00,000/- | 799011400000013 |

| | | | |
|---|---|---|---|
| | ആകെ | 10,00,000/- | |

ഈ 4 ഗ്രാമപഞ്ചായത്തുകൾക്കും തുക കൈമാറുന്നതിനായി നം.സി.1669/17 തിയ്യതി 18.08.2017 പ്രകാരം മാലിന്യ നിർമാർജ്ജനത്തിന് തയ്യാറാക്കിയ പ്രൊജക്ടിന്റെ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. പള്ളിക്കര, ഉദുമ, മടിക്കൈ ഗ്രാമപഞ്ചായത്തുകൾ പ്രൊജക്ട് സമർപ്പിച്ചിട്ടുണ്ട്. അജാനൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടില്ല. ഈ 4 ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയതിന്റെ രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം, തുക തിരിച്ചടച്ചതിന്റെ വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.14/16.02.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ബ്ലോക്ക് പഞ്ചായത്തിന് ത്രീ-ഫേസ് വൈദ്യുതി കണക്ഷൻ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.69/18

അടങ്കൽ - 40,000/- രൂപ

ബിൽ നം.19/17-18/25.09.2017 – 37,539/-രൂപ

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിലെ വൈദ്യുതി കണക്ഷൻ സിംഗിൾ ഫേസിൽ നിന്നും ത്രീ ഫേസ് ആക്കി മാറ്റുന്നതിനുള്ളതാണ് ഈ പദ്ധതി. കൺസ്യൂമർ നം.14330, 13414 എന്നിങ്ങനെ 2 കണക്ഷനുകളാണ് ഈ കെട്ടിടത്തിന് ഉള്ളത്. ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കാഞ്ഞങ്ങാട് സെക്ഷൻ അസി.എഞ്ചിനീയർ നം.DB/Electric connection/KHD/2017-18, തി.18.08.2017 പ്രകാരം 37,539/- രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകി.( കൺസ്യൂമർ നം.14330 – 28,422/-രൂപ, കൺസ്യൂമർ നം. 13414- 9,117/-രൂപ) ബിൽ നം.19/17-18/25.09.2017 പ്രകാരം 37,539/-രൂപ പിൻവലിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കാഞ്ഞങ്ങാട് സെക്ഷന്റെ ബാങ്ക് അക്കൗണ്ട് നം.67033196882 (S.B.I, Hosdurg)ലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പ്രവർത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കാഞ്ഞങ്ങാട് സെക്ഷൻ സമർപ്പിച്ച എസ്റ്റിമേറ്റ്, ഇതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ, പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.13/16.02.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 37,539/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 അമ്പലത്തറ വനിതാ ഖാദി യൂണിറ്റ് -വിശ്രമകേന്ദ്രവും ശൗച്യാലയവും നിർമ്മാണം- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.78/18

ബിൽ നം.06/17-18/29.07.2017 – 4,00,000/-

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ അമ്പലത്തറ വനിതാ ഖാദി കേന്ദ്രത്തിന് വിശ്രമ കേന്ദ്രവും ശൗച്യാലയവും നിർമ്മിക്കാനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മടിക്കൈ ഗ്രാമപഞ്ചായത്തിന് ആകെ 4,00,000/- രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻ മടിക്കൈ ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിക്കേണ്ടതും വിശ്രമ കേന്ദ്രവും ശൗച്യാലയവും നിർമ്മിച്ച് തുക ചെലവഴിക്കേണ്ടതുമാണ്. ഈ തുക മേൽ സൂചനാ ബില്ല് പ്രകാരം മാറുകയും ഇ-പേമെന്റ് വഴി നീലേശ്വരം സബ്ട്രഷറിയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നം.STSB.720031400000013 ലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നം.സി.1636/17, തിയ്യതി 17.08.2017 കത്ത് പ്രകാരം മടിക്കൈ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ഈ പദ്ധതി നടപ്പിലാക്കാനായി തയ്യാറാക്കിയ പ്രൊജക്ടിന്റെ പകർപ്പ്, കൈപ്പറ്റ് രശീത് എന്നിവ നൽകുവാനും യഥാസമയം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)ഈ പദ്ധതി മടിക്കൈ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചതിന് ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) പ്രൊജക്ടിന്റെ പകർപ്പ്, കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രംഎന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)ഈ പദ്ധതി മടിക്കൈ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടില്ലെങ്കിൽ 2018-19 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

4)ഈ പദ്ധതി മടിക്കൈ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ലെങ്കിൽ തുക തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.09/15.02.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കേരളോത്സവം-ചെലവുകൾ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.19/18

ബിൽ നം.51/17-18/10.01.2018 – 1,10,000/-

2017-18 വർഷത്തെ ബ്ലോക്ക് തല കേരളോത്സവം നടത്തുന്നതിന് തയ്യാറാക്കിയ ഈ പ്രൊജക്ട് പ്രകാരം വിവിധ ചെലവുകൾ നടത്തുന്നതിന് മേൽ സൂചനാ ബില്ല് പ്രകാരം ആകെ 1,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)നം.2160/2017/ത.സ്വ.ഭ.വ, തിയ്യതി.28.06.2017)2017 ഒക്ടോബർ 14 മുതൽ 29 വരെ തിയ്യതികളിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ വച്ചാണ് പരിപാടികൾ നടന്നത്. ബ്ലോക്ക് ഓഫീസിലെ ജി.ഇ.ഒ.(ഇൻ ചാർജ്ജ്) ശ്രീ.ചാക്കോ.പി.എ. എന്നവർക്കാണ് പരിപാടിയുടെ ചുമതല. ഇദ്ദേഹം ആണ് ആണ് ആകെ 1,10,000/- രൂപയുടെ ബില്ല് സമർപ്പിച്ചത്. പരിപാടിയുടെ നടത്തിപ്പിന് മുൻകൂർ ആയി 82,500/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഈ തുക തനത് ഫണ്ടിലേക്ക് ഒടുക്കി ബാക്കി തുക 27,500/- രൂപയാണ് ശ്രീ.ചാക്കോ.പി.എ, എന്നവർക്ക് നൽകിയത്.

ആകെ ചെലവഴിച്ച 1,10,000/- രൂപയിൽ 23,105/-രൂപ നൽകിയത് സ്പോർട്സ് മത്സരങ്ങൾ നടത്തിയ റെഡ് സ്റ്റാർ ആർട്സ് &സ്പോർട്സ് ക്ലബ്ബ് പെരിയക്കാണ്. 22.10.2017 ന് പെരിയ ഗവ:ഹൈസ്കൂൾ ഗ്രൗണ്ടിൽ ആണ് മത്സരങ്ങൾ നടത്തിയത്. ഈ പരിപാടിയുമായി ബന്ധപ്പെട്ട് ആകെ 23,105/-രൂപയുടെ ബില്ല് ഇവർ സമർപ്പിക്കുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം., തിയ്യതി | തുക | ബില്ല് വിശദവിവരങ്ങൾ |
|---|---|---|---|
| 1 | 27/22.10.2017 | 1,000 | കബഡി മത്സരം- റെഡ് വേൾഡ് കൊപ്പലിന് നൽകിയത് |
| 2 | 28/22.10.2017 | 4,405 | ട്രോഫി, മെഡൽ വാങ്ങിയത് |
| 3 | 29/22.10.2017 | 500 | സ്റ്റേഷനറി വാങ്ങിയത്.ത്രിവേണി ബുക്ക് സ്റ്റാൾ, പെരിയ |
| 4 | 30/22.10.2017 | 13,000 | ജനറേറ്റർ, മൈക്ക് സെറ്റ്, പന്തൽ, ഭക്ഷണം, വാഹനവാടക- ദീപം ലൈറ്റ്&സൗണ്ട്, പെരിയക്ക് നൽകിയത് |
| 5 | 31/22.10.2017 | 1,225 | കുമ്മായം, ജ്യോതി ഹാർഡ് വേർസ്, നീലേശ്വരം |
| 6 | 32,33,34/22.10.2017 | 3,000 (1,000x3) | ജനാർദ്ദനൻ, സലീഷ്, മുരളീധരൻ അത്ലറ്റിക് അസിസ്റ്റന്റിന് നൽകിയത്. |

| | | | |
|---|---|---|---|
| | ആകെ | 23,130/- rounded to 23,105/- | |

മേൽ വിവരിച്ചതിൽ ക്രമ നം.(4) പ്രകാരം ജനറേറ്റർ, മൈക്ക് സെറ്റ്, പന്തൽ, ഭക്ഷണം, വാഹനവാടക എന്നീ ചെലവുകൾക്ക് ദീപം ലൈറ്റ്&സൗണ്ട്, പെരിയ സമർപ്പിച്ച ബില്ല് നം.1027/22.10.2017 പ്രകാരം 13,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭക്ഷണ ഇനത്തിൽ ആകെ 300 പേർക്ക് ഭക്ഷണം നൽകിയതിന് 9,000/- രൂപ ചെലവ് നടത്തിയിട്ടുണ്ട്. അന്നേ ദിവസം പങ്കെടുത്ത എല്ലാവർക്കും ഭക്ഷണം നൽകിയിരുന്നുവോ, ഒഫീഷ്യൽസിന് മാത്രമാണോ ഭക്ഷണം നൽകിയത്, എന്ത് ഭക്ഷണമാണ് നൽകിയത്, ഈ 300 പേർ ഒഫീഷ്യൽസ് ആണോ, അല്ലെങ്കിൽ ഒഫീഷ്യൽസ് ആയി എത്ര പേരുണ്ടായിരുന്നു, ഒഫീഷ്യൽസിന്റെ പൂർണ്ണമായ പട്ടിക അവരുടെ ഹാജർ എന്നീ കാര്യങ്ങൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം.08/15.02.2019 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പ്രോജക്ട് നം-29/17-18. മടിക്കൈ വയൽ പാടശേഖരത്തിന് ട്രാക്ടർ വാങ്ങി നൽകൽ - അപാകതകൾ .

| | |
|---|---|
| പ്രോജക്ട് നം. | 29/17-18 |
| പ്രോജക്ടിന്റെ പേര് | മടിക്കൈ വയൽ പാടശേഖരത്തിന് ട്രാക്ടർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| ചെലവ് തുക | 8,50,035/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ട്രഷറി ബിൽ നമ്പർ, തീയതി | 07/17-18 തീയതി 27-09-2017 Rs.8,50,035/- |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 29/17-18 പ്രകാരം മടിക്കൈ ഗ്രാമ പഞ്ചായത്തിലെ മടിക്കൈ വയൽ പാടശേഖരത്തിന് ട്രാക്ടർ വാങ്ങി നൽകൽ പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 11-08-2017 ലെ 3-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഒന്നാം നമ്പർ ആയ മടിക്കൈവയൽ പാടശേഖരം തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും ആയതനുസരിച്ച് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 16-09-2017 ലെ 1(1)-ാംനമ്പർ പ്രകാരം മടിക്കൈവയൽ പാടശേഖരം തെരഞ്ഞെടുക്കുകയും ചെയ്തു.

മേൽ പദ്ധതി പ്രകാരം, മടിക്കൈ വയൽ പാടശേഖര നെല്ലുത്പാദക സമിതിക്ക് ട്രാക്ടർ വാങ്ങി നൽകൽ എന്ന പ്രൊജക്ട് (പ്രോജക്ട് നം.29/17-18) നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം പിൻവലിച്ച 8,50,035/-രൂപ ഉപയോഗിച്ച് ഒരു ട്രാക്ടർ മാനേജർ, റെയ്ഡ്കോ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസി ഡയറക്ടർ വാങ്ങുകയുണ്ടായി. എന്നാൽ മാനേജർ, റെയ്ഡ്കോ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 8,50,035/-രൂപയുടെ ട്രാക്ടർ വാങ്ങിയതിന്റെ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ ഈ പദ്ധതി നടത്തിപ്പ സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും, മടിക്കൈ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 11-08-2017 ലെ 3-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ.17/19-02-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 8,50,035/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റൽ–അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 89/17-18 |
| പ്രോജക്ടിന്റെ പേര് | കേര വികസന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| ചെലവ് തുക | 7,11,000/-രൂപ(വികസന ഫണ്ട്ജനറൽ) |
| ട്രഷറി ബിൽ നമ്പർ, തീയതി | 01/17-18,തീയതി:30-06-2017 Rs.2,05,500/- |
| | 02/17-18,തീയതി:30-06-2017 Rs.2,70,000/- |
| | 03/17-18,തീയതി:30-06-2017 Rs.66,000/- |
| | 04/17-18,തീയതി:30-06-2017 Rs.1,08,000/- |
| | 06/17-18,തീയതി:31-07-2017 Rs.61,500/- |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 89/17-18 പ്രകാരമുള്ള കേര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് മടിക്കൈ ഗ്രാമ പഞ്ചായത്തിലെ നാളികേര ഉൽപാദന സംഘങ്ങളിലെ കേര കർഷകർക്ക് കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സബ്സിഡി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മേൽ പദ്ധതി പ്രകാരം കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ 411 തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനായി 2,05,500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ ബിൽ നമ്പർ (01/17-18 തീയതി.30-06-2017) പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുക കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയ ഇനത്തിൽ കോളിക്കുന്ന് നാളികേര ഉൽപാദന സംഘം, വെള്ളച്ചേരി മുണ്ടോട്ട് നാളികേര നാളികേര ഉൽപാദന സംഘം, നാര നാളികേര ഉൽപാദന സംഘം, പ്രസിഡണ്ടിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്.(അക്കൗണ്ട് നമ്പർ.

യഥാക്രമം കോളിക്കുന്ന് നാളികേര ഉൽപാദന സംഘം 2054010111003751/ Rs.1,47,000, വെള്ളച്ചേരി മുണ്ടോട്ട് നാളികേര ഉൽപാദന സംഘം 150101201020010/ Rs.23,000, നാര നാളികേര ഉൽപാദന സംഘം, 150061201020024/Rs.35,500 ) എന്നാൽ ഈ തുക തെങ്ങുകളുടെ ഉടമസ്ഥരായ കർഷകർക്ക് ലഭിച്ചത് സംബന്ധിച്ച കൈപ്പറ്റ് രശീതികളോ, കർഷകരുടെ അക്കൗണ്ടിലേക്ക് 2,05,500/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മുറിച്ചുമാറ്റിയ തെങ്ങുകൾ ഏതൊക്കെ കർഷകരുടേതാണ് എന്നുമുള്ള രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11.01.2016 സബ്സിഡി മാർഗരേഖ അനുസരിച്ച് നാമ മാത്ര കർഷകർക്ക് മാത്രമാണ് ഈ സബ്സിഡിക്ക് അർഹതയുള്ളത്. മാത്രവുമല്ല ഈ പദ്ധതി സബ്സിഡി മാർഗരേഖ അനുസരിച്ച് ഗ്രൂപ്പായി ആനുകൂല്യം നല്കാവുന്ന ഒന്നല്ല. പദ്ധതി പ്രകാരം മുറിച്ചുമാറ്റിയത് നാമ മാത്ര കർഷകരുടെ തെങ്ങുകൾ തന്നെയാണോ എന്നത് സംബന്ധിച്ചുള്ള തെളിവുകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ.16/19-02-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,05,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് നല്കിയത് ചെലവ് വൗച്ചർ ഹാജരാക്കിയിട്ടില്ല- അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. | 27/17-18 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| ചെലവ് തുക | 3,30,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ട്രഷറി ബിൽ നമ്പർ, തീയതി | 09/17-18 തീയതി: 29-01-2018 Rs.3,30,000 |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 27/17-18 പ്രകാരം പച്ചക്കറി കൃഷിക്ക് കൂലി ചെലവ് നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 പഞ്ചായത്തുകളിലെ വിവിധ ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി നടത്തുന്നതിനായി വിത്തിന്റെ വില, കൂലി ചെലവ്, ജൈവ വളത്തിന്റെ വില, കീടനാശിനിക്കുള്ള ചെലവ് എന്നീ ഇനങ്ങളിൽ ധനസഹായം നല്കി പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് മേൽ പ്രൊജക്ട് കൊണ്ട് വിഭാവനം ചെയ്തത്.

പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഉദുമ, പള്ളിക്കര, പുല്ലൂർപെരിയ, അജാനൂർ, മടിക്കൈ എന്നീ അഞ്ച് പഞ്ചായത്തുകൾക്ക് താഴെപറയും പ്രകാരം ആകെ 3,30,000/-രൂപ പ്രസ്തുത ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ട്രഷറി അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | പുല്ലൂർപെരിയ ഗ്രാമ പഞ്ചായത്ത് | 799011400001538 | 35,000 |
| 2 | അജാനൂർ ഗ്രാമ പഞ്ചായത്ത് | 799011400001577 | 85,000 |
| 3 | പള്ളിക്കര ഗ്രാമ പഞ്ചായത്ത് | 799011400001307 | 70,000 |
| 4 | മടിക്കൈ ഗ്രാമ പഞ്ചായത്ത് | 720031400000013 | 1,19,000 |
| 5 | ഉദുമ ഗ്രാമ പഞ്ചായത്ത് | 799011400001175 | 21,000 |
| | | ആകെ | 3,30,000 |

ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1.)മേൽ ഗ്രാമ പഞ്ചായത്തിലെ കർഷകർക്ക് കൂലി നല്കിയത് സംബന്ധിച്ച വൗച്ചർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2.)പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകുന്നതിനായി 3,30,000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ കൃഷി ചെയ്തത് ഉറപ്പാക്കുന്നതിനായി പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള കൃഷി ഓഫീസറുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3.)ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ടുകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നമ്പർ.18/19-02-2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 3,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 അങ്കണവാടികളിലെ കുമാരി ക്ലബ്ബുകൾക്ക് പുസ്തകം, ഫർണ്ണിച്ചർ വിതരണം - അപാകതകൾ.

| പ്രോജക്റ്റ് നം. | 35/17-18 |
|---|---|

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിലെ കുമാരി ക്ലബ്ബുകൾക്ക് പുസ്തകം, ഫർണ്ണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന പ്രൊജക്ട് ഓഫീസർ, ഉദുമ ( അഡീഷണൽ) |
| ചെലവ് തുക | 3,00,000/-രൂപ (വികസന ഫണ്ട്-ജനറൽ) |
| ട്രഷറി ബിൽ നമ്പർ, തീയതി | 02/17-18 തീയതി 10-11-2017 Rs.1,00,819/- |
| | 04/17-18 തീയതി.17-11-2017 Rs.1,99,181/- ആകെ = 3,00,000/- |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 35/17-18 പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിലെ കുമാരി ക്ലബ്ബുകൾക്ക് പുസ്തകം, ഫർണ്ണിച്ചർ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 പഞ്ചായത്തുകളിലെ 3 വീതം തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികൾക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റ് വാങ്ങി നൽകുന്നതാണ് ഈ പ്രൊജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്.

ഇതനുസരിച്ച താഴെപ്പറയുന്ന 5 പഞ്ചായത്തുകളിലെ 15 അങ്കണവാടികൾക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റ് വാങ്ങുന്നതിനായി കേരള സംസ്ഥാന ബുക്ക് മാർക്ക് തിരുവനന്തപുരത്തിന്റെയും, കേരള സിഡ്ക്കോ കാസർഗോഡിന്റെയും അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (കേരള സംസ്ഥാന ബുക്ക് മാർക്ക് തിരുവനന്തപുരം അക്കൗണ്ട് നം.35106107208/ Rs.1,00,819, കേരള സിഡ്ക്കോ കാസർഗോഡ്, അക്കൗണ്ട് നം.57053702971/ Rs.1,99,181 ) ഗവൺമെന്റ് അംഗീകൃത ഏജൻസിയായ കേരള സംസ്ഥാന ബുക്ക് മാർക്ക് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ.KSBM/392 /17/തീയ്യതി.30-10-2017 പ്രകാരം 1,00,819/- രൂപയുടെ ലൈബ്രറി പുസ്തകങ്ങളും, കേരള സിഡ്ക്കോ, കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ.SMCKSGD/17-18 /TI/024 തീയ്യതി.14-11-2017 പ്രകാരം 1,99,181/- രൂപയുടെ ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റ് വാങ്ങി താഴെപ്പറയുന്ന 5 പഞ്ചായത്തുകളിലെ 15 അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ലൈബ്രറിയുടെ പേര് വിവരം |
|---|---|
| മടിക്കൈ ഗ്രാമ പഞ്ചായത്ത് | എരിക്കുളം അങ്കണവാടി |
| | തോട്ടിനാട് അങ്കണവാടി |
| | കാനത്തുമൂല അങ്കണവാടി |
| അജാനൂർ ഗ്രാമ പഞ്ചായത്ത് | രാവണേശ്വരം അങ്കണവാടി |

| | |
|---|---|
| | മുക്കുട് അങ്കണവാടി |
| | ആനന്ദാശ്രമം അങ്കണവാടി |
| പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് | താഴത്ത് പെരിയ അങ്കണവാടി |
| | കൊടവലം അങ്കണവാടി |
| | എക്കാൽ അങ്കണവാടി |
| പള്ളിക്കര ഗ്രാമ പഞ്ചായത്ത് | ചെർക്കാപ്പാറ അങ്കണവാടി |
| | ചേറ്റുക്കുണ്ട് അങ്കണവാടി |
| | പറമ്പ അങ്കണവാടി |
| ഉദുമ ഗ്രാമ പഞ്ചായത്ത് | ബേപൂരി അങ്കണവാടി |
| | ആറാട്ട്കടവ് അങ്കണവാടി |
| | ഗോപാലപേട്ട അങ്കണവാടി |

ഈ പദ്ധതി നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)മടിക്കൈ ഗ്രാമ പഞ്ചായത്തിലെ എരിക്കുളം, തോട്ടിനാട്, കാനത്തുമൂല എന്നീ അങ്കണവാടി സെന്ററുകളിലേക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റും വിതരണം ചെയ്ത് സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, സാധനങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)അജാനൂർ ഗ്രാമ പഞ്ചായത്തിലെ രാവണേശ്വരം, മുക്കുട്, ആനന്ദാശ്രമം എന്നീ അങ്കണവാടി സെന്ററുകളിലേക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റും വിതരണം ചെയ്ത് സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, സാധനങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തിലെ താഴത്ത് പെരിയ, കൊടവലം, എക്കാൽ എന്നീ അങ്കണവാടി സെന്ററുകളിലേക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റും വിതരണം ചെയ്ത് സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, സാധനങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4)പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ ചെർക്കാപ്പാറ, ചേറ്റുക്കുണ്ട്, പറമ്പ എന്നീ അങ്കണവാടി സെന്ററുകളിലേക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റും വിതരണം ചെയ്ത് സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, സാധനങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)ഉദുമ ഗ്രാമ പഞ്ചായത്തിലെ ബേപൂരി, ആറാട്ട്കടവ്, ഗോപാലപേട്ട എന്നീ അങ്കണവാടി സെന്ററുകളിലേക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊട്ടുകൂടിയ സ്റ്റീൽ കാബിനറ്റും വിതരണം ചെയ്ത്

സ്റ്റോക്കിൽ എടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും, സാധനങ്ങൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) 5 പഞ്ചായത്തുകളിലെ 15 അങ്കണവാടികൾക്ക് പുസ്തകങ്ങളും, ഗ്ലാസ്സ് ഡോറൊടുകൂടിയ സ്റ്റീൽ കാബിനറ്റ് വാങ്ങുന്നതിനായി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

